**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കര മണ്ഡലത്തിലെ താരമക്കുടി സർവ്വീസ് സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കര മണ്ഡലത്തിലെ താരമക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരികെ ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 2815 പുനരുദ്ധരിക്കുന്നതിനായി 08.11.2019 തീയതിയിലെ സ.ഉ.(സാധാ) നം.661/2019/സഹ നമ്പർ ഉത്തരവ് പ്രകാരം പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ അദ്ധ്യക്ഷതയിൽ 28.02.2020 ലും ബഹു. കൊട്ടാരക്കര നിയോജക മണ്ഡലം എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ 18.09.2020 തീയതിയിലും, കൊട്ടാരക്കര താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ 22.12.2020 തീയതിയിലും കൊട്ടാരക്കര താലൂക്കിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരുടെ യോഗം കൂടുകയുണ്ടായി. ഈ യോഗങ്ങളിലെല്ലാം തന്നെ സർക്കാർ ഗ്യാരന്റി നൽകാമെങ്കിൽ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ പണം നൽകാൻ തയ്യാറാണെന്ന് സംഘം പ്രസിഡന്റുമാർ അറിയിച്ചിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് സമീപത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് ആവശ്യ മായ ആലോചനകളും സ്വീകരിക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും ഇതോടൊപ്പം നടന്നു വരികയാണ്. |
| (ബി) | ബാങ്കിന്റെ പുനരുദ്ധാരണത്തിനായി പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 2815 പുനരുദ്ധരിക്കുന്നതിനായി 08.11.2019 തീയതിയിലെ സ.ഉ.(സാധാ) നം.661/2019/സഹ |

| | | | |
|---|---|---|---|
| | | | നമ്പർ ഉത്തരവ് പ്രകാരം പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ അദ്ധ്യക്ഷതയിൽ 28.02.2020 ലും ബഹു. കൊട്ടാരക്കര നിയോജക മണ്ഡലം എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ 18.09.2020 തീയതിയിലും, കൊട്ടാരക്കര താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ 22.12.2020 തീയതിയിലും കൊട്ടാരക്കര താലൂക്കിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരുടെ യോഗം കൂടുകയുണ്ടായി. ഈ യോഗങ്ങളിലെല്ലാം തന്നെ സർക്കാർ ഗ്യാരന്റി നൽകാമെങ്കിൽ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ പണം നൽകാൻ തയ്യാറാണെന്ന് സംഘം പ്രസിഡന്റുമാർ അറിയിച്ചിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് സമീപത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് ആവശ്യ മായ ആലോചനകളും സ്വീകരിക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ചകളും ഇതോടൊപ്പം നടന്നു വരികയാണ്. |
| (സി) | പ്രസ്തുത കർമ്മപദ്ധതി നടപ്പിലാക്കാൻ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും ആവശ്യമായപക്ഷം ഫണ്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നത് സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ